മൂന്നാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി-ഷോർട്ട് ഫിലിം ഫെസ്റ്റിവെൽ

138 (3900) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് സംഘടിപ്പിച്ച മൂന്നാമത് അന്താരാഷ്ട്ര ഡോക്യുമെന്ററി ഷോർട്ട് ഫിലിം ഫെസ്റ്റിവൽ സംബന്ധിച്ച് വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഫെസ്റ്റിവലിൽ വിവിധ മേഖലകളിലായി എത്ര ചിത്രങ്ങൾ പ്രദർശിപ്പിച്ചു എന്നു വെളിപ്പെടുത്തുമോ ;

(സി) ഡോക്യുമെന്ററി-ഷോർട്ട് ഫിലിം കലാകാരന്മാർക്ക് സർക്കാർ എന്തെങ്കിലും പ്രോത്സാഹനം നൽകുന്നുണ്ടോ ; ഫിലിം നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ;

(ഡി) സ്കൂളുകളിലും കോളേജുകളിലും ഡോക്യുമെന്ററി ഫിലിം മേളകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 2010 ജൂൺ 11 മുതൽ 15 വരെയായിരുന്നു മേള സംഘടിപ്പിച്ചിരുന്നത്. തിരുവനന്തപുരത്തെ കൈരളി, ശ്രീ തിയേറ്ററുകളിലാണ് പ്രദർശനം നടന്നത്. ഫെസ്റ്റിവലിൽ മികച്ച ലോംഗ് ഡോക്യുമെന്ററി, ഫോർട്ട് ഡോക്യുമെന്ററി ഷോർട്ട് ഫിക്ഷൻ, അനിമേഷൻ, ക്യാമ്പസ് സിനിമ, നല്ല ക്യാമറാമാൻ എന്നീ ഇനങ്ങൾക്ക് അവാർഡുകൾ വിതരണം ചെയ്തു. ദീപാ ധൻരാജ്, ആൽഫോൻസ്, പി. ബാലൻ, കുന്ദൻ ഷാ, സമീരാ ജയിൻ, മീനാക്ഷി ഷെഡേ എന്നിവർ ജൂറി അംഗങ്ങളായിരുന്നു.

(ബി) 180 ചിത്രങ്ങൾ.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ടൂറിസം ടാക്കീസ് പരിപാടികൾ ഇപ്പോൾത്തന്നെ പല കോളേജുകളിലും സ്കൂളുകളിലും ചലച്ചിത്ര അക്കാദമി നടത്തിവരികയാണ്. സ്കൂളുകളിൽ ഫിലിം ഫെസ്റ്റിവൽ എസ്.സി.ഇ.ആർ.ടി.യുടെ കീഴിൽ നടത്തുന്നുണ്ട്. ഭാവിയിൽ കോളേജ് കാമ്പസ്സുകളിൽ ചലച്ചിത്ര അക്കാദമിയുടെ കീഴിൽ ഡോക്യുമെന്ററി ഫിലിം മേളകൾ നടത്തുന്നതാണ്.

സിനിമാ ടാക്കീസുകൾ നേരിടുന്ന പ്രതിസന്ധി

139 (3901) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സിനിമാടാക്കീസുകൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly